പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 292      03.04.2013 - ൽ മറുപടിയ്ക്ക്

**വിശപ്പുരഹിത നഗരം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>,, കെ. മുരളീധരൻ<br>,, സണ്ണി ജോസഫ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിശപ്പുരഹിത നഗരം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) | അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിൽ എത്തിച്ചേരുന്നവരിൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഭക്ഷണം കഴിയ്ക്കാതെ വിശന്നിരിക്കുന്നവർക്ക് സൗജന്യമായി ഉച്ച ഭക്ഷണം നൽകുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. ആശുപത്രികളിൽ പ്രവേശിപ്പിച്ചിട്ടുള്ള രോഗികൾക്ക് സൗജന്യമായി ഉച്ച ഭക്ഷണം നൽകുന്നതിന് പദ്ധതിയിൽ പ്രത്യേക പ്രാധാന്യം നൽകുന്നു. |
| (ബി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷനു പുറമെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും മെഡിക്കൽ കോളേജാശുപത്രികളുടേയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. മലപ്പുറം നഗരത്തിലെ പദ്ധതി ചെലവുകളുടെ 50% മലപ്പുറം നഗരസഭയും കൊല്ലം നഗരത്തിലെ പദ്ധതി ചെലവുകളുടെ 50% കൊല്ലം കോർപ്പറേഷനുമാണ് വഹിക്കുന്നത്. |
| (സി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നത്; വിശദമാക്കുമോ ; | (സി) | സംസ്ഥാനത്ത് കോഴിക്കോട് കോർപ്പറേഷനിൽ 26.01.2009 മുതൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. മലപ്പുറം നഗരത്തിൽ 23.11.2012 മുതലും കൊല്ലം കോർപ്പറേഷനിൽ 01.01.2013-നും പദ്ധതി ആരംഭിച്ച് നടപ്പാക്കി വരുന്നു. തിരുവനന്തപുരം നഗരത്തിൽ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസുമായി ചേർന്ന് ഏപ്രിൽ രണ്ടാം വാരത്തോടുകൂടി പദ്ധതി ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ